പാലക്കാട്	619
മലപ്പുറം	613
കോഴിക്കോട്	1213
വയനാട്	262
കണ്ണൂർ	860
കാസർകോട്	472

(സി) പോക്സോ കോടതി തീരുമാനങ്ങളിലെ കാലതാമസവും പ്രസ്തുത കാലതാമസം കാരണം നീതി യഥാസമയം ലഭ്യമാകാത്ത അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനംമൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

(ഡി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി ഇരകൾക്ക് കാലതാമസമില്ലാതെ കൃത്യമായി നീതി ഉറപ്പാക്കാനായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായാണ് സംസ്ഥാനത്ത് 28 താൽക്കാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനംമൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം

115 (1479) ശ്രീ. കെ. പി. എ. മജീദ്: താഴെകാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇല്ല. ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly